# <u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – ശ്രീമതി.അനുരൂപ.റ്റി.എസ്-ന് (പെൻ: 844435) പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.3/എസ്റ്റാ.1/2019 (2)** **തീയതി: 30.11.2019**

---

പരാമർശം:– (1) സ.ഉ.(സാധാ) നം.6811/2019/പൊഭവ തീയതി : 27.11.2019

(2) പൊതുഭരണ (സർവീസസ് – എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 29.11.2019 ലെ എസ്എ 2/246/2019–ജിഎഡി നമ്പർ മെമ്മോ

(3) ശ്രീമതി.അനുരൂപ.റ്റി.എസ്-ന്റെ 30.11.2019–ലെ സമർപ്പണം.

## <u>ഉത്തരവ്</u>

പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി.അനുരൂപ.റ്റി.എസ്-ന് (പെൻ: 844435) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിലെ ഓഡിറ്റർ കുമാരി.മേഘ.വിയുമായി പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർ വകുപ്പ് സ്ഥലംമാറ്റം പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീമതി.അനുരൂപ.റ്റി.എസ്-നെ പൊതുഭരണ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയും പരാമർശം (3) പ്രകാരം ശ്രീമതി.അനുരൂപ.റ്റി.എസ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ 30.11.2019 പൂർവ്വാഹ്നത്തിൽ ജോലിയ്ക്ക് ഹാജരാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ** നിലവിലുള്ള ഒഴിവിൽ ശ്രീമതി.അനുരൂപ.റ്റി.എസ്-ന് ഓഡിറ്ററായി നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീമതി.അനുരൂപ.റ്റി.എസ് ഓഡിറ്ററായി നിയമിതയായി കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള ജാമ്യകരാർ ചമച്ചെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ശ്രീമതി.അനുരൂപ.റ്റി.എസ്-നെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഓഡിറ്റർ തസ്തികയിലെ ഏറ്റവും ജൂനിയർ

ഉദ്യോഗസ്ഥയായി പരിഗണിക്കുന്നതായിരിക്കും. പ്രസ്തുത വിവരം ഉദ്യോഗസ്ഥയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ശ്രീമതി.അനുരൂപ.റ്റി.എസ്-ന്റെ മുൻകാല സേവനം സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയോറിറ്റിയ്ക്ക് ബാധകമായിരിക്കില്ല. KS&SSR പാർട്ട് 2 റൂൾ 20(ബി) & ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ശ്രീമതി.അനുരൂപ.റ്റി.എസ് 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)

**ഡയറക്ടർ**

**ശ്രീമതി.അനുരൂപ.റ്റി.എസ്, ഓഡിറ്റർ**

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (സർവീസസ് – എ)വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ (ഡയറക്ടറേറ്റ്)
3. എസ്റ്റാ 2,3, 4, അക്കൗണ്ട്സ് സെക്ഷനുകൾ
4. ഓഫീസ് കോപ്പി